93

3283

File Name - Kerala Sarkar 4801

കേരള സർക്കാർ

സംഗ്രഹം

ചെറുകിട വനവിഭവങ്ങളുടെ വില പുനർനിർണ്ണയം ചെയ്യുന്നതിന് സ്ഥിരമിതി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം-വന്യജീവി (ഡി) വകുപ്പ്

സ.ഉ.(കൈയെഴുത്ത്)നം: 23/2002/വനം. തിരുവനന്തപുരം. തീയതി 7.5.2002.

പരാമർശം:- 1) സ.ഉ(കൈയെഴുത്ത്)നം.3/2002/വനം തീയതി: 7.1.2002.

2) 01.04.2002-ലെ സി1-19740/97 എന്ന നമ്പരിലുള്ള ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ(സംരക്ഷണം) കത്ത്.

ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം ചെറുകിട വനവിഭവങ്ങളുടെ പുനർനിർണ്ണയം ചെയ്യുന്നതിനായി ഒരു സ്ഥിരമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി കമ്മിറ്റിയിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് പകരം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരത്തെ ഉൾപ്പെടുത്തി ടിയാനെ കമ്മിറ്റിയുടെ കൺവീനറായി ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് പരാമർശം രണ്ട് പ്രകാരം മുഖ്യവനപാലകൻ ആവശ്യപ്പെടുകയുണ്ടായി.

(2) മേൽ ആഭിപ്രായത്തിൽ ചെറുകിട വനവിഭവങ്ങളുടെ വില പുനർനിർണ്ണയം ചെയ്യുന്നതിനുവേണ്ടി രൂപീകരിച്ച സ്ഥിരമിതിയിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് പകരം, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരത്തെ ഉൾപ്പെടുത്തിയും ടിയാനെ കമ്മിറ്റിയുടെ കൺവീനറായും ഉത്തരവാകുന്നു.

(3) പരാമർശം ഒന്നിലെ ഉത്തരവ് മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എം.ടി. ഉമ്മർ
ജോയിന്റ് സെക്രട്ടറി.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(സംരക്ഷണം), തിരുവനന്തപുരം.

ഇണ്ടാസ് നംപർ സി1-19740/97. തീയതി: 16.5.2002.

പകർപ്പ്: അനന്തര നടപടിക്കായി ഏല്പാ കൺസർവേറ്റർമാർക്കും അയക്കുന്നു.

Approved for issue

Superintendent

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(സംരക്ഷണം)ക്ക് വേണ്ടി.

129